**"ഭരണഭാഷ മാതൃഭാഷ"**

സി.ബി(1)16156/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 28.02.2019

Website: www.cooperation.kerala.gov.in
Email : keralarcs.coop@kerala.gov.in
Phone No.0471-2330825

## സർക്കുലർ നമ്പർ – 10/19

വിഷയം:- സഹകരണ വകുപ്പ്- സഹകരണ നിക്ഷേപ സമാഹരണയജ്ഞം 2019 – ക്യാമ്പയിൻ – സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :- സഹകരണ സംഘം രജിസ്ട്രാറുടെ 24.01.2019 ലെ 4/19 നമ്പർ സർക്കുലർ.

..........

39–)മത് സഹകരണ നിക്ഷേപ സമാഹരണയജ്ഞം 2019 മാർച്ച് 1 മുതൽ 2019 മാർച്ച് 31 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാന സഹകരണ മേഖലയ്ക്ക് ശക്തമായ അടിത്തറപാകുന്നതിന് കഴിഞ്ഞകാല നിക്ഷേപ സമാഹരണയജ്ഞങ്ങൾ വഹിച്ചിട്ടുള്ള പങ്കും, നിക്ഷേപ സമാഹരണയജ്ഞ കാലഘട്ടത്തിൽ ആകർഷകമായ പലിശനിരക്ക് നിശ്ചയിച്ച് നൽകാറുള്ള സാഹചര്യവും, കണക്കിലെടുത്ത് നിക്ഷേപ സമാഹരണ കാലയളവിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ 01.03.2019 മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.